


# ആസ്വദിക്കാം
യഥാർത്ഥ
# ലഹരി!

സാം പ്രസാദ് മുള്ളരിങ്ങാട്


MURDER
മാധ്യമം
NEW
ദീപിക

*"സംഭവസമയത്ത് പ്രതികൾ മദ്യലഹരിയിൽ ആയിരുന്നു"* പല ക്രൂരസംഭവങ്ങളുടെയും റിപ്പോർട്ടുകൾക്കൊപ്പം സാധാരണ കാണാറുള്ള ഒരു വാചകം ഇങ്ങനെയാണ്...

കിരാതമായ കൊലപാതകങ്ങൾ, സ്വന്തം മക്കളെ മാനഭംഗപ്പെടുത്താൻ മടിക്കാത്ത പിതാക്കന്മാർ. അടിക്കടി ഉണ്ടാകുന്ന ആതമഹത്യകൾ, തകരുന്ന കുടുംബബന്ധങ്ങൾ, വഴിതെറ്റുന്ന ബാല്യങ്ങൾ, പെരുകുന്ന വാഹന അപകടങ്ങൾ.. എല്ലാ ദിവസത്തെയും പത്രവാർത്തകൾ ഏറെക്കുറെ ഇങ്ങനെയൊക്കെ തന്നെയുള്ളതാണ്. തിന്മയും ദുഷ്ടതയും അതിന്റെ മൂർദ്ധന്യത്തിൽ എത്തി നിൽക്കുന്ന കാലഘട്ടം. എന്തുകൊണ്ടാണ് മനുഷ്യൻ ഇങ്ങനെയൊക്കെ പെരുമാറുന്നത്?

മദ്യം, പുകവലി, മയക്കുമരുന്ന്, പാൻമസാല, കഞ്ചാവ് തുടങ്ങിയ ലഹരി വസ്തുക്കൾ അക്ഷരാർത്ഥത്തിൽ കേരളീയരെ ഭ്രാന്തന്മാർ ആക്കിയിരിക്കുകയാണ്. ഇനിയും ഒരു കുടുംബം തകരുന്നതിനു മുമ്പ്, ഇനിയും ഒരു ആത്മഹത്യ നടക്കുന്നതിനു മുമ്പ്, ഇനിയും ഒരു വാഹനാപകടം ഉണ്ടാകുന്നതിനുമുമ്പ് ഇതിൽ നിന്നും മോചനം കിട്ടിയേ മതിയാവൂ.

ആദ്യമായി, കേരളീയർ അമിതമായി അടിമപ്പെട്ടിരിക്കുന്ന തായ ചില ലഹരി പദാർത്ഥങ്ങളെ നമുക്ക് പരിചയപ്പെടാം.

## 1. പുകവലി



"കടലാസ്സിൽ ചുരുട്ടിയ ഒരു പാഴ് വസ്തു - ഒരറ്റത്ത് തീയും മറ്റെ അറ്റത്ത് ഒരു വിഡ്ഢിയുടെ തലയും" ഇതാണ് സിഗരറ്റ്. കാർബൺ, ഹൈഡ്രജൻ എന്നിവയുടെ സംയുക്തമായ നിക്കോട്ടിൻ എന്ന മാരകമായ വിഷം പുകവലിയുടെ ഫലമായി രക്തത്തിൽ കലരുന്നു.

ഒരു സിഗറ്റിൽ രണ്ടു മില്ലിഗ്രാം നിക്കോട്ടിൻ ഉണ്ട്. 60 മി.ഗ്രാം നിക്കോട്ടിൻ ഒരു ശരീരത്തിൽ ഒന്നിച്ചു പ്രവേശിച്ചാൽ അയാൾ തൽക്ഷണം മരിക്കും.

*പുകവലിയുടെ സമ്മാനങ്ങൾ:*

›› പുകവലി രോഗങ്ങൾ ആയുസ്സിന്റെ ദിനങ്ങൾ കുറക്കുന്നു.

›› സന്ധ്യയാകുമ്പോൾ കൊക്കി കുരച്ചും, ചുമച്ചും രാത്രികൾ കാളരാത്രികൾ ആയി കഴിച്ചു കൂട്ടുന്നു.

›› ശ്വാസകോശ ക്യാൻസർ ജീവിതത്തെ നശിപ്പിക്കുന്നു.

›› നിക്കോട്ടിൻ അടിയുന്നതുമൂലം കാലുകൾ മുറിക്കേണ്ടി വരുന്നു.

›› ആന്തരിക അവയവങ്ങളിലേക്കുള്ള രക്തപ്രവാഹത്തിന് നിക്കോട്ടിൻ തടസ്സമാകുന്നു.

## 2. മദ്യപാനം

“ബിയറിൽ യൗവ്വനം തുടങ്ങി ജീവിതം റമ്മിലും ബ്രാൻഡിലും വിസ്കിയിലും, എത്തി നിൽക്കുന്നവരാണ്” കേരളീയർ നല്ലൊരു പങ്കും. അടുത്തിടെ കേരളത്തിൽ രണ്ടായിരത്തോളം കുട്ടികളിൽ നടത്തിയ സർവ്വേയിൽ ആരാണ് നിങ്ങൾക്ക് ആദ്യം മദ്യം പരിചയപ്പെടുത്തിയതെന്ന ചോദ്യത്തിന് ഭൂരിഭാഗവും നൽകിയ മറുപടി സുഹൃത്തുക്കളോ, മാതാപിതാക്കളോ എന്നതായിരുന്നു. ഭാരതത്തിൽ പ്രതിവർഷം 3000 ആളുകൾ മദ്യവിഷത്താൽ മരിക്കുന്നു. പ്രതിവർഷം 8000 കോടി രൂപ മദ്യഷാപ്പുകാരന്റെ കൈകളിൽ എത്തുന്നു.



*മദ്യപാനത്തിന്റെ സമ്മാനങ്ങൾ:*

›› മദ്യപാനം തലച്ചോറിനെ ബാധിക്കുകയും തൽഫലമായി ബാലൻസ് തെറ്റുകയും ചെയ്യുന്നു.

›› സന്മാർഗ്ഗിക ബോധം, ആത്മനിയന്ത്രണം, വിവേകം എന്നിവ നഷ്ടപ്പെടും.

» രണ്ട് ഔൺസ് മദ്യം കഴിച്ചാൽ ഹൃദയസ്പന്ദനം ഒരു ലക്ഷത്തി എണ്ണായിരമായി വർദ്ധിക്കുന്നു. തൽഫലമായി ഹൃദയസ്തംഭനം ഉണ്ടാകുന്നു.

» മദ്യപാനിയെ ഭാര്യ, മക്കൾ, നാട്ടുകാർ എന്നിവർ വെറുക്കുന്നു.

» പണവും, ആരോഗ്യവും ഈശ്വരബോധവും നഷ്ടപ്പെടുന്നു.

## 3. പാൻമസാല



പാൻമസാലയുടെ ഉപയോഗം ദിനംപ്രതി വർദ്ധിച്ചു വരികയാണ്. സാക്ഷര കേരളത്തിൽ ഇവയുടെ ഉപയോഗം ഞെട്ടിപ്പിക്കുന്നതാണ്. ഓരോ മാസവും കേരളത്തിൽ മാത്രം 40,000 കിലോ പാൻ മസാല ചവച്ചു തുപ്പുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സിഗരറ്റിനെ അപേക്ഷിച്ച് നൈട്രോസാമിൻസ് എന്ന രാസവസ്തു പാൻമസാലയിൽ 45% കൂടുതലാണ് എന്നത് ഇതിന്റെ ഭീകരത വെളിവാക്കുന്നു.

*പാൻമസാലയുടെ സമ്മാനങ്ങൾ:*

» തുടർച്ചയായി ഉപയോഗിക്കുന്നവർ ഉപേക്ഷിക്കാൻ ശ്രമിച്ചാൽ കൈകാലുകൾക്ക് വിറയൽ അനുഭവപ്പെടുന്നു.

» കീഴ്ച്ചുണ്ടിൽ സുഷിരം വീഴുകയും ക്യാൻസറിനു കാരണമാകുകയും ചെയ്യുന്നു.

» പഠനത്തെയും ജീവിതത്തെയും ബാധിക്കുകയും ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്യുന്നു.

# പരിഹാരമാർഗ്ഗം മറ്റൊരു ലഹരിയിലൂടെ!

പ്രിയ വായനക്കാരാ,

ഇന്ന് കേരളീയർ അമിതമായി ഉപയോഗിക്കുന്നതും സമ്പൂർണ്ണ ലഹരി കൊടുക്കുവാൻ കഴിയാത്തതുമായ ചില പദാർത്ഥങ്ങളെയാണ് താങ്കൾ ഇതുവരെ പരിചയപ്പെട്ടത്. ഇനി സമ്പൂർണ്ണ ലഹരി നൽകുന്ന ഒന്നിനെ നമുക്ക് പരിചയപ്പെടാം.

മദ്യം, പുകവലി, മയക്കുമരുന്ന്, പാൻമസാല, കഞ്ചാവ് തുടങ്ങിയ പദാർത്ഥങ്ങളിൽ നിന്നും എന്തുകൊണ്ടാണ് ഒരാൾക്ക് സ്വയം മോചനം നേടാൻ സാധിക്കാത്തത്? ഈ പ്രവർത്തികളിലൂടെ സമാധാനമോ സന്തോഷമോ കണ്ടെത്തുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്ന മറ്റു ചില കാരണങ്ങൾ അതിനു പിന്നിലുണ്ട്. അടിസ്ഥാനപരമായി താങ്കളിൽ കുടികൊള്ളുന്ന പാപം ആണ് ആ വില്ലൻ. പാപത്തിന്റെ ഫലമായി ആത്മീകവും, മാനസീകവും, സാംസ്കരികവും, സാമൂഹികവുമായ ഇരുട്ട് മനുഷ്യന്റെ മനസിനെയും ചിന്തകളെയും മൂടുകയും പാപപ്രവർത്തികളിലേക്ക് ഒരുവനെ നയിക്കുകയും ചെയ്യുന്നു. ഇത് സൃഷ്ടാവായ ദൈവത്തിൽ നിന്നും മനുഷ്യനെ അകറ്റുന്നു. കാരണം ദൈവം വിശുദ്ധനും നീതിമാനുമാണ്.

ഇക്കാര്യത്തിൽ മനുഷ്യന്റെ നിസ്സഹായാവസ്ഥ നന്നായി അറിയാവുന്ന ദൈവംതന്നെ ഒരു മാർഗ്ഗം ഒരുക്കിയിട്ടുണ്ട്. അത് യാതൊരു പാളിച്ചകളും പോരായ്മകളുമില്ലാത്ത പരിപൂർണ്ണ മാർഗ്ഗമാണ്. ഉൾക്കണ്ണിൽ വെളിച്ചമില്ലാതെ അന്ധകാരത്തിൽ ഉഴലുന്ന മനുഷ്യന് വെളിച്ചം തെളിയിക്കുവാൻ ദൈവത്തിനുമാത്രമേ കഴിയുകയുള്ളൂ

എന്ന യാഥാർത്ഥ്യം മനസിലാക്കുമ്പോൾ അതോടൊപ്പം ചില പ്രമാണങ്ങൾ നാം മനസിലാക്കിയിരിക്കേണ്ടത് ആവശ്യമാണ്.

ദൈവം വിശുദ്ധനാണ്. അതുകൊണ്ട് അശുദ്ധിയോടെ മനുഷ്യനെ തന്റെയടുത്തേക്ക് തിരികെ കൊണ്ടുവരാൻ കഴിയില്ല. ദൈവം നീതിമാനാണ്. അതുകൊണ്ട് പാപി, ശിക്ഷയായ നരകം അനുഭവിച്ചേ മതിയാകൂ. ദൈവം സ് നേഹവാനാണ്. അതുകൊണ്ട് പാപിയായ മനുഷ്യനെ ത നിത്യനരകത്തിലേക്ക് തള്ളിയിടാൻ അവന് താല്പര്യമില്ല. ഇവിടെയാണ് ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗത്തിന്റെ പ്രസക്തി.

നീതിമാനായ ഒരു ന്യായാധിപൻ, കൊലയാളിക്ക് ജീവപര്യന്തം തടവ് വിധിച്ചു. എന്നാൽ അവനോട് സഹാനുഭൂതി തോന്നിയ അതേ ന്യായാധിപൻ കൊലയാളിക്കുവേണ്ടി ജീവപരന്ത്യ ശിക്ഷ ഏറ്റുവാങ്ങാൻ തയ്യാറായി. ഇങ്ങനെ ഒരു സംഭവം സങ്കല്പ്പിക്കാനാകുമോ? ഇത് ചലച്ചിത്രങ്ങളിൽ മാത്രം കാണാൻ കഴിയുന്ന കഥയാണ് അല്ലേ? എന്നാൽ സ്വർഗ്ഗത്തിലെ ദൈവം ചെയ്തതും അതുതന്നെയായിരുന്നു. പാപത്തിന്റെ ശമ്പളമായ മരണശിക്ഷാവിധി മനുഷ്യനു വേണ്ടി ഏറ്റെടുക്കുവാൻ ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിനെ ഈ ഭൂമിയിലേക്ക് നിയോഗിച്ചു. രണ്ടായിരത്തിലേറെ സംവത്സരങ്ങൾക്ക് മുമ്പ് ക്രിസ്തു മനുഷ്യനായി ജന്മമെടുത്തു. 33 വർഷം ഈ ഭൂമിയിൽ ജീവിച്ചു. ഒടുവിൽ ഏറ്റവും ശാപഗ്രസ്തമായ കുരിശു മരണം ഏറ്റെടുത്തു.



മരണശിക്ഷ വിധിക്കും മുമ്പെ ന്യാധിപനായിരുന്ന പൊന്തിയോസ് പീലാത്തോസ് എന്ന റോമൻ ഗവർണർ

പരസ്യമായി പ്രഖ്യാപിച്ചു. *“ഇവനിൽ ഞാൻ യാതൊരു കുറ്റവും കാണുന്നില്ല”.*

ക്രൂശീകരണത്തിന് നേതൃത്വം കൊടുത്ത ശതാധിപൻ പറഞ്ഞു. *“ഇവൻ സാക്ഷാൽ ദൈവപുത്രൻ സത്യം”.*

കൂടെ ക്രൂശിക്കപ്പെട്ട ഒരു കവർച്ചക്കാരന്റെ വാക്കുകൾ ഇങ്ങനെയായിരുന്നു. *“നാമോ ന്യായമായ ശിക്ഷ അനുഭവിക്കുന്നു. ഇവനോ അരുതാത്തത് ഒന്നും ചെയ്തിട്ടില്ല.”*

യേശുവിനെ കാണിച്ചുകൊടുത്ത യൂദയുടെ അന്ത്യമൊഴികൾ: *“ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തു.”*



അങ്ങനെ, അധികാരികളും, സാധാരണക്കാരുമെല്ലാം ഒരേ സ്വരത്തിൽ യേശുവിന്റെ നിരപരാധിത്വം ആവർത്തിച്ചു പറഞ്ഞിട്ടും യേശുവിനെ ക്രൂശിച്ചു. കാരണം, യേശു മരിക്കാനായി ജനിച്ചവൻ ആയിരുന്നു. എന്നുവെച്ചാൽ മനുഷ്യവംശത്തിന്റെ മുഴുവൻ പാപത്തിന്റെയും ശിക്ഷ ഏറ്റെടുക്കാനായി അവതരിച്ചവൻ. കാൽവറിലെ ക്രൂശിൽ യേശുക്രിസ്തു നിർവ്വഹിച്ചത് ഈ പ്രതിപകരയാഗമായിരുന്നു. അവൻ മരിച്ചു. അടക്കപ്പെട്ടു. എന്നാൽ മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു. തന്റെ ദൗത്യം നിർവ്വഹിച്ച് സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോകുകയും ചെയ്തു.

*“തന്റെ ഏകജാനായ പുത്രനിൽ (യേശുക്രിസ്തുവിൽ) വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ*

*പ്രാപിക്കേണ്ടതിന് ദൈവം അവനെ (യേശുവിനെ) നൽകുവാൻതക്കവണ്ണം ലോകത്തെ സ്നേഹിച്ചു."* (യോഹന്നാൻ 3:16)

*"യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും."* (റോമൻ 10:9).

ദൈവം ചെയ്യാനുള്ളത് ചെയ്തു. രക്ഷാമാർഗ്ഗം അവൻ ഒരുക്കി. നമ്മുടെ പാപക്കളങ്കം യേശുവിന്റെ രക്തത്താലാണ് ശുദ്ധമാക്കപ്പെടുന്നത്. അങ്ങനെ വിശുദ്ധി നേടുന്ന വ്യക്തിക്ക് ജീവനുള്ള ദൈവത്തിങ്കലേക്ക് മടങ്ങിവരുവാനും നിത്യസൗഭാഗ്യത്തിന്റെയും സന്തോഷത്തിന്റെയും അവകാശിയാകുവാനും കഴിയും.

ക്രിസ്തു ഒരു മതസ്ഥാപകനല്ല. മറിച്ച് ഒരു മാർഗ്ഗസ്ഥാപകനാണ്. ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവിന് സ്വന്തശരീരത്തിലൂടെ തന്നെ ഒരു മാർഗ്ഗം ഒരുക്കിയവൻ. ഈ വഴിയിലേക്ക് വരുവാൻ മനുഷ്യൻ തയ്യാറാകുമ്പോൾ വ്യക്തിയും, കുടുംബവും, സമൂഹവും, ലോകവും നന്മയിലേക്ക് നയിക്കപ്പെടും. തിന്മയുടെ ഉറവിടമായ സാത്താനിൽ നിന്നും അകന്നുമാറുമ്പോൾ ഈലോക ജീവിതം തന്നെ സ്വർഗ്ഗതുല്യമായിത്തീരും.

ഈ വഴി താങ്കൾക്ക് തെരഞ്ഞെടുക്കാം. ഇപ്പോൾ ഈ നിമിഷം തന്നെ, സ്വന്തജീവിതത്തിലെ തെറ്റുകളെക്കുറിച്ചും അശുദ്ധിയെക്കുറിച്ചുമുള്ള ബോധ്യത്തോടെ യേശുവിന്റെ അടുത്തേക്കു വരുക.യേശുവിന്റെ ക്രൂശുമരണം എൻറെ പാപശുദ്ധീകരണത്തിനു വേണ്ടിയായിരുന്നു എന്ന് വിശ്വാസത്താൽ അംഗീകരിക്കുക.



യേശുവിനെ രക്ഷകനും കർത്താവുമായി ഹൃദയത്തിലേക്ക് സ്വീകരിക്കുക. നിങ്ങൾ ചെയ്യേണ്ടത് അതാണ്. ഈ മാർഗ്ഗം

താങ്കൾക്ക് ഒരു സമ്പൂർണ്ണ സംതൃപ്തി നൽകും. അതിൽപ്പരം ലഹരി എന്താണ്!

*"(യേശുവിനെ) കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ (ദൈവം) അധികാരം കൊടുത്തു."* (യോഹന്നാൻ 1:12) യേശുവിനെ രക്ഷകനും കർത്താവുമായി ഹൃദയത്തിലേക്ക് സ്വീകരിച്ച് യഥാർത്ഥമായി ആത്മരക്ഷ പ്രാപിച്ച ഒരു വ്യക്തി അനുഭവിക്കുന്ന സ്വർഗ്ഗീയ സന്തോഷം പറഞ്ഞറിയിക്കാൻ സാധിക്കാത്തതാണെന്ന് എനിക്ക് നന്നായി അറിയാം. ആ സമാധാനം ഒരു ലഹരിക്കും നൽകുവാൻ സാധിക്കാത്തതാണ്. അവരുടെ ലഹരി ക്രിസ്തുവാണ്. ഈ ലഹരിയാൽ നിയന്ത്രിക്കപ്പെടുന്നവർ നമ്മുടെ ആസ്വാദനശേഷിയെ നശിപ്പിക്കുന്ന ലോകത്തിലെ ലഹരികളെ സ്വതവേ വെറുക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

ഈ സമ്പൂർണ്ണ ലഹരിയെ അവഗണിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ തീരുമാനം താങ്കൾക്ക് വിട്ടുതരുന്നു.

അതുകൊണ്ട് സുഹൃത്തെ, ഇനി താങ്കൾക്ക് തീരുമാനിക്കാം നന്മയാണോ, തിന്മയാണോ, തെരഞ്ഞെടുക്കേണ്ടതെന്ന് സ്വർഗ്ഗമാണോ, നരകമാണോ, താങ്കളുടെ അന്തിമസ്ഥാനം എന്ന്.

ശരിയായ തീരുമാനം എടുക്കാനുള്ള ബുദ്ധിശക്തി താങ്കൾക്കുണ്ട്. താങ്കളെ ഒരു യന്ത്രമനുഷ്യനായിട്ടല്ലല്ലോ ദൈവം സൃഷ്ടിച്ചത്. ഒരു പക്ഷേ, നാളെ എന്നൊരു ദിവസം താങ്കൾക്കുള്ളതായിരിക്കണമെന്നില്ല. അതുകൊണ്ട് ശരിയായ തീരുമാനം ഈ നിമിഷത്തിൽ തന്നെ എടുക്കുവാൻ ദൈവം താങ്കളെ സഹായിക്കട്ടെ.

ക്രിസ്തുവിൽ സ്നേഹത്തോടെ,

*സാം പ്രസാദ് മുള്ളരിങ്ങാട്*

*+91 97442 89131*

# പണമുണ്ടെങ്കിൽ..

കിടക്ക
വാങ്ങാം



പക്ഷേ,
ഉറക്കം?

ആഹാരം
വാങ്ങാം



പക്ഷേ,
സംതൃപ്തി?

മരുന്ന്
വാങ്ങാം



പക്ഷേ,
ആരോഗ്യം?

വീട്
വാങ്ങാം



പക്ഷേ,
കുടുംബം?

ദേവാലയം
വാങ്ങാം



പക്ഷേ,
സ്വർഗ്ഗം?

**ദൈവം നല്കുന്ന സൗജന്യ ദാനമായ നിത്യജീവൻ പ്രാപിച്ചാൽ അതിനൊപ്പം നിങ്ങൾക്ക് ലഭിക്കും യഥാർത്ഥ ഉറക്കം, സംതൃപ്തി, ആരോഗ്യം, സ്വർഗ്ഗം!**





പുകവലി, മദ്യപാനം,
മയക്കുമരുന്നുപയോഗം തുടങ്ങിയ
ദുശ്ശീലങ്ങൾ, വ്യക്തിപരമായോ
കടുംബത്തിലോ ഉള്ള പ്രശ്നങ്ങൾ;
ഇവയ്ക്ക് പരിഹാരം കാണുവാൻ
ആഗ്രഹിക്കുന്നുവെങ്കിൽ വിളിക്കുക.
ഈ ചെറുപുസ്തകത്തിലെ
സന്ദേശത്തെക്കുറിച്ച് കൂടുതൽ
അറിയുവാൻ ബന്ധപ്പെടുക: